# മഞ്ഞനിക്കര തീർത്ഥയാത്രയും പാത്രിയാർക്കൽ പതാക പ്രയാണവും ആരംഭിച്ചു.

മീനങ്ങാടി : മീനങ്ങാടി കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകനായ ശാമുവേൽ മോർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കബറിങ്കൽ ധൂപപ്രാർത്ഥന യ്ക്കു ശേഷം മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിദീയൻ ബാവായുടെ 80–ാം ദു:ഖറോനോ പെരുന്നാളിനോട നുബന്ധിച്ച് നടക്കുന്ന വടക്കൻ മേഖലാ തീർത്ഥ യാത്രയും, പാത്രിയർക്കൽ പതാകപ്രയാണവും ആരംഭിച്ചു.

പരി. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ പ്രാർത്ഥനയും, വിശു ദ്ധിയും, സമാധാനത്തിനു വേിയുള്ള തൃഷ്ണയും, അചഞ്ചലമായ വിശ്വാസവും ഏവർക്കും അനുകരണീ യമായ മാതൃകയാണെന്ന് ഓർമ്മിപ്പിച്ചുകൊ് മലബാർ ഭദ്രാസനാധിപൻ സഖറിയാസ് മോർ പീല ക്സിനോസ് മെത്രാപ്പോലീത്ത പതാക വാഴ്ത്തി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. ബിജു ഏലിയാസ് പതാക ഏറ്റു വാങ്ങി.

യാക്കോബായ സഭാ വർക്കിംഗ് കമ്മറ്റി അംഗം റവ. ഫാ. ഡോ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ, കത്തീഡ്രൽ വികാരി ഫാ. പൗലോസ് പുത്തൻപുര, ഫാ. ഷോബിൻ പോൾ, ടി. കെ. എൽദോ തുരു ത്തുമ്മേൽ, ഫാ. ഷിനു മാത്യു പാറയ്ക്കൽ, ട്രസ്റ്റി ജോൺസൺ കൊഴാലിൽ, അനിൽ ജേക്കബ്, സാബു വരിക്കലായിൽ എന്നിവർ പ്രസംഗിച്ചു.

ഫാ. കുര്യാക്കോസ് ചീരകതോട്ടത്തിൽ, ബിജു കുര്യാക്കോസ്, എൽദോ പാറേക്കാട്ടിൽ, പൈലി പത്രോസ്, ബേസിൽ വർഗ്ഗീസ്, അജി ജേക്കബ് തേപ്പാല, സി. എം. തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

സ്നേഹഭവൻ മീനങ്ങാടി, കൊളഗപ്പാറ, മലങ്കരക്കുന്ന്, താളൂർ, കാരക്കൊല്ലി, കൊളപ്പിള്ളി, അയ്യൻകൊല്ലി, മാങ്ങോട്ട്, കല്ലിങ്കര, നമ്പ്യാർകുന്ന്, കൊട്ടാട്, നമ്പിക്കൊല്ലി, തോട്ടാമൂല, കല്ലുമുക്ക്, മൂലങ്കാവ്, സുൽത്താൻ ബത്തേരി, ചെതലയം ചീയമ്പം, ചെറ്റപ്പാലം, പട്ടാണിക്കൂപ്പ്, പുൽപ്പള്ളി, മാനന്തവാടി, കോറോം, കണിയാമ്പറ്റ, കാര്യമ്പാടി, ചീരാംകുന്ന്, ചീങ്ങേരി, തൃക്കൈപ്പെറ്റ, കൽപ്പറ്റ എന്നീ ദൈവാലയങ്ങളിൽ തീർത്ഥയാത്രയ്ക്കും പതാക പ്രയാണത്തിനും സ്വീകരണം നൽകി.

വെള്ളിയാഴ്ച ചിപ്പിലിത്തോട് സെന്റ് ജോർജ്ജ് പള്ളിയിൽ വെച്ച് കോഴിക്കോട് ഭദ്രാസ നത്തിന്റെയും യൂത്ത് അസോസിയേഷന്റെയും നേതൃത്വത്തിൽ സ്വീകരണം നൽകും. പുതുപ്പാടി, തെയ്യപ്പാറ, കാഞ്ഞിരപ്പാറ, വേളംകോട്, വട്ടൽ, മൈക്കാവ്, താമരശ്ശേരി മൗ ഹോറേബ് ബിഷപ്സ് ഹൗസ്, കോഴിക്കോട്, കോട്ടയ്ക്കൽ, കുറ്റിപ്പുറം എന്നീ ദൈവാലയങ്ങളിൽ സ്വീകരണം നൽകും. ഫെബ്രുവരി 10ന് 6 മണിക്ക് മഞ്ഞനിക്കരയിൽ തീർത്ഥ യാത്ര സംഗമിക്കും.

## അടിക്കുറിപ്പ്

മീനങ്ങാടി കത്തീഡ്രലിൽ ശാമുവേൽ മോർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കബറിങ്കൽ നിന്ന് മഞ്ഞനിക്കര തീർത്ഥയാത്രയും പാത്രിയർക്കൽ പതാക പ്രയാണവും മലബാർഭദ്രാസനാധിപൻ സഖറി യാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത ഉൽഘാടനം ചെയ്തപ്പോൾ